LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ

53 (5188) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുവദിച്ചത് ഏതു വർഷം, ഏത് തീയതിവരെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് ഇറങ്ങിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് ഇറങ്ങിയ തീയതിവരെയുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം അനുവദിക്കണമെന്ന് നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചിരുന്നോ ; ഇക്കാര്യം പരിഗണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1997 ജൂലൈ 14-ാം തീയതി വരെ റഗുലർ സർവ്വീസിൽ നിയമനാംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ അനുവദിച്ചിട്ടുള്ളത്.

(ബി) 1999 ജൂലൈ 28-ന്

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഹയർ സെക്കന്ററി അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ്

54 (5189) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി ജൂനിയർ/സീനിയർ വിഭാഗങ്ങളിലായി എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നുവെന്ന വിവരം വ്യക്തമാക്കുമോ ; ഈ ലിസ്റ്റുകളുടെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള റാങ്ക്ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ എത്ര വിഭാഗങ്ങളാണ് ; അഡ്വൈസ് മെമ്മോ പി.എസ്.സി നൽകിയ വിഭാഗങ്ങളിൽ എത്ര ദിവസത്തിനുള്ളിൽ നിയമനം നൽകണമെന്നതാണ് ചട്ടം ; ഈ ചട്ടം എക്കണോമിക്സ് സീനിയറിന്റെതടക്കം കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുമോ ;

(സി) അദ്ധ്യയനം ആരംഭിച്ചിട്ടും പി.എസ്.സി.റാങ്ക് ലിസ്റ്റ്/ അഡ്വൈസ് മെമ്മോ പ്രകാരം അദ്ധ്യാപകരെ നിയമിക്കാൻ ആരെങ്കിലും അനാസ്ഥ കാണിക്കുന്നെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?